# സസ്യാഹാരസംസ്കാരം സ്വപ്നംകണ്ട്

കെ.എസ്. നാരായണൻ

ആദിശങ്കരനും ചട്ടമ്പിസ്വാമികൾക്കും ശ്രീനാരായണനും ജന്മം നൽകിയ കേരളത്തിൽ തന്നെയാണ് ഏറ്റവുമധികം ജന്തുഹിംസയും മാംസാഹാരശീലവും നിലനിൽക്കുന്നത്. ഹോട്ടലുകളും മറ്റും മാംസാഹാരത്തിന് പ്രാധാന്യം കൊടുക്കുന്നതുമൂലം മാംസം കഴിക്കാത്ത ഒരാൾക്ക് കേരളത്തിലെ ഒരു ഹോട്ടലിൽ നിന്ന് മനസ്സിൽ പിടിച്ച് ഭക്ഷണം കഴിക്കാൻ പോലും ബുദ്ധിമുട്ടാണ്. ഇത്തരമൊരു പശ്ചാത്തലത്തിലാണ്, തിരുവനന്തപുരത്തെ ഒരു പത്രപ്രവർത്തകനായിരുന്ന എ.വി. കൃഷ്ണൻമൂസ്സത് മുൻകൈയെടുത്ത് 'സസ്യാഹാര പ്രചരണ വേദി' എന്നൊരു സംഘടന കാൽ നൂറ്റാണ്ടിനു മുമ്പ് സ്ഥാപിക്കപ്പെട്ടത്. ഈ വേദി പിന്നീട് മദിരാശി ആസ്ഥാനമായുള്ള ഇന്ത്യൻ വെജിറ്റേറിയൻ കോൺഗ്രസിൽ (ഐ.വി.സി) ലയിച്ചു.

മനുഷ്യന് പ്രകൃതി വിധിച്ചിട്ടുള്ളത് സസ്യാഹാരം മാത്രമാണെന്ന് പ്രചരിപ്പിച്ച് ഒരു സസ്യാഹാരസംസ്ക്കാരം കേരളീയരിൽ വളർത്തിക്കൊണ്ടുവരാനാണ് ഐ.വി.സി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ പത്രമാധ്യമങ്ങൾ ഈ ശ്രമത്തിന് പിന്തുണ നൽകുന്നതേയില്ല.

മുട്ടയും മാംസവും ആരോഗ്യം നല്കും എന്ന് പ്രചരിപ്പിക്കുന്നതിൽ കേരളത്തിലെ ഡോക്ടർമാരും മാധ്യമങ്ങളും ഭരണകൂടവും ഒത്തു ചേർന്നു പ്രവർത്തിപ്പിക്കുകയായിരുന്നു. അതുകൊണ്ടെന്തുണ്ടായി? കേരളത്തിൽ ആരോഗ്യ(തടി)മുള്ള രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു. ഈ നില തുടർന്നാൽ രണ്ടായിരമാണ്ടാകുമ്പോഴേക്കും 'ആയിരം ആളുകൾക്ക് ആയിരം കിടക്ക'യുള്ള ആശുപത്രികൾ എല്ലാ ഗ്രാമങ്ങളിലും സ്ഥാപിക്കേണ്ട സ്ഥിതിയാണുണ്ടാവുക.

ഐ.വി.സിയുടെ സഹോദര സംഘടനയാണ് 'കേരള അനിമൽ ലവേഴ്സ് അസോസിയേഷൻ' (കല). മിണ്ടാപ്രാണികൾക്കും സ്വാഭാവിക മരണം സംഭവിക്കുംവരെ ജീവിക്കാനവകാശമുണ്ടെന്നും അവയെ കൊന്നുതിന്നുന്നത് ക്രൂരതയാണെന്നും പ്രചരിപ്പിക്കാനാണ് 'കല' ശ്രമിക്കുന്നത്.

കേരളത്തിൽ പടർന്നു പന്തലിച്ചു വരുന്ന ഈ 'ശവം തീനിസംസ്ക്കാര'ത്തിനു തടയിടാനും അടുത്ത നൂറ്റാണ്ടിൽ 'സസ്യാഹാര സംസ്ക്കാര'ത്തിനു പ്രാമുഖ്യമുള്ള ഒരു സമൂഹമായി കേരളീയരെ മാറ്റിത്തീർക്കാനും കഴിയുമെന്ന ശുഭപ്രതീക്ഷയിലാണ് 'കല'യും ഐ.വി.സിയും മുന്നോട്ടു നീങ്ങുന്നത്.

*മൃഗങ്ങളെന്റെ ചങ്ങാതിമാരാണ്;*
*ഞാനെന്റെ ചങ്ങാതിമാരെ കൊന്നുതിന്നാറില്ല.*
*-ജോർജ് ബെർണാഡ്ഷാ.*

---

## രാസവിഷം കലർന്ന മണ്ണിനെ ശുദ്ധീകരിക്കാൻ ജൈവവളം

ഡി.ഡി.റ്റി പോലുള്ള മാരക സ്വഭാവമുള്ളതും ദീർഘകാലം വിഷസ്വഭാവം പോകാതെ മണ്ണിൽ നിലനില്ക്കുന്നതുമായ രാസവിഷങ്ങൾ കലർന്ന മണ്ണിനെ വിഷാംശം നീക്കി ശുദ്ധീകരിക്കാൻ എന്തുചെയ്യും എന്നന്വേഷിച്ചുകൊണ്ടുള്ള ഗവേഷണങ്ങൾ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. ഇപ്പോഴിതാ കാനഡയിലെ ഒരു കൂട്ടം ഗവേഷകർ ഒരു ശുഭവാർത്തയുമായി എത്തിയിരിക്കുന്നു.

ഡി.ഡി.റ്റിയും മറ്റും കലർന്ന മണ്ണിൽ ചാണകം, കോഴിക്കാഷ്ഠം, വൈക്കോൽ, അറക്കപ്പൊടി എന്നിവ ധാരാളമായി ചേർത്ത് ഇടവിട്ട് ഉഴുതുമറിച്ചാൽ വിഷാംശം നീങ്ങി മണ്ണു ശുദ്ധമാകുന്നതായി അവർ കണ്ടെത്തിയത്രേ! ഇത്തരം ജൈവവളങ്ങൾ ചേർന്ന മണ്ണിൽ രാസവിഷങ്ങളെ വിഘടിപ്പിച്ച് നിർദോഷമാക്കുന്ന ചിലയിനം ബാക്ടീരിയകൾ സമൃദ്ധമായി വളരുന്നതുകൊണ്ടാണത്രേ ഈ ജൈവശുദ്ധീകരണം സാധിക്കുന്നത്.